# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6748 — 04.04.2018 ലെ മറുപടിയ്ക്ക്

**പ്രൊഫഷണൽ കോഴ്സുകളുടെ പ്രവേശനത്തിന് ജാതി സർട്ടിഫിക്കറ്റ്**

ചോദ്യം — മറുപടി

| ശ്രീ. ടി. വി. ഇബ്രാഹിം | | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|---|
| എ) മെഡിക്കൽ എഞ്ചിനീയറിംഗ് പ്രൊഫഷണൽ കോഴ്സുകളുടെ പ്രവേശനത്തിന് ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കുന്നത് സംബന്ധിച്ച ആശയക്കുഴപ്പം പരിഹരിക്കാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (എ) | സംസ്ഥാനത്ത്, മെഡിക്കൽ എഞ്ചിനീയറിംഗ് ഉൾപ്പെടെ, പ്രൊഫഷണൽ കോഴ്സുകളിൽ അഡ്മിഷൻ നേടുന്നതിനുള്ള മാനദണ്ഡങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് സർക്കാർ പുറപ്പെടുവിക്കുന്ന KEAM പ്രോസ്പെക്ടസിൽ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കുന്നത് സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് ജാതി സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള സാക്ഷ്യപത്രങ്ങൾ അപേക്ഷയുടെ പ്രിന്റ് ഔട്ട് സമർപ്പിക്കുന്നതിനോടൊപ്പം തന്നെ സമർപ്പിക്കേണ്ടതാണ്.<br>2018 അദ്ധ്യയന വർഷം എഞ്ചിനീയറിംഗ്/മെഡിക്കൽ കോഴ്സുകളിലേക്കുള്ള പ്രവേശന പരീക്ഷയുടെ ഓൺലൈൻ അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള സമയം 01.02.2018 മുതൽ 28.02.2018 വൈകുന്നേരം 5 മണി വരെ ആയിരുന്നു. എന്നാൽ ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ടും ജാതി സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള അനുബന്ധ രേഖകളും പ്രവേന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കുന്നതിന് 2018 മാർച്ച് 31 വൈകുന്നേരം 5 മണി വരെ സമയം അനുവദിച്ചിരുന്നു. |
| ബി) യോഗ്യത നേടുന്നവർമാത്രം നിശ്ചിത ദിവസത്തിനകം റവന്യൂ അധികാരികളിൽ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മതി എന്ന് നിർദ്ദേശിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) | എഞ്ചിനീയറിംഗ്/ മെഡിക്കൽ/ അനുബന്ധ കോഴ്സുകളിൽ പ്രവേശനത്തിനുള്ള പരീക്ഷയുടെ റാങ്ക് ലിസ്റ്റുകൾ കുറ്റമറ്റ രീതിയിൽ തയ്യാറാക്കുന്നതിന് അപേക്ഷകരുടെ കാറ്റഗറി/ സമുദായം സംബന്ധിച്ച രേഖകൾ പരിശോധിച്ച് അനർഹരെ ഒഴിവാക്കി കാറ്റഗറി ലിസ്റ്റുകൾ അന്തിമമാക്കേണ്ടതുണ്ട്. ഈ കാറ്റഗറിയുടെ അടിസ്ഥാനത്തിലാണ് വിവിധ റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നത്. എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ യോഗ്യത നേടിയിട്ടുണ്ടോ എന്ന് തീരുമാനിക്കപ്പെടുന്നത് മാർക്കിന്റേയും കാറ്റഗറിയുടേയും അടിസ്ഥാനത്തിലാണ്. ജനറൽ കാറ്റഗറി വിദ്യാർത്ഥികൾക്ക് എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ യോഗ്യത നേടുന്നതിന് എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയുടെ ഓരോ പേപ്പറിനും കുറഞ്ഞത് 10 |

| | | |
|---|---|---|
| | | മാർക്ക് വീതം നേടിയിരിക്കണം. എസ്.സി/ എസ്.റ്റി വിദ്യാർത്ഥികൾക്ക് ഈ നിബന്ധനയില്ല. എം.ബി. ബി. എസ്/ ബി.ഡി.എസ് കോഴ്സുകളിലെ പ്രവേശനത്തിനുള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് അപേക്ഷകന് നീറ്റ്-/യു.ജി പരീക്ഷയിൽ 50% (ജനറൽ),40% (എസ്.സി./എസ്.റ്റി/എസ്.ഇ.ബി.സി). 45% (പി.ഡി. കാറ്റഗറി) എന്നിങ്ങനെ മാർക്ക് നേടിയിരിക്കണം. മറ്റ് മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് ജനറൽ വിഭാഗക്കാർ നീറ്റ്- യു.ജി.യിൽ 20 മാർക്ക് നേടിയിരിക്കണം. എസ്.സി/എസ്.റ്റി വിഭാഗത്തിന് കുറഞ്ഞ മാർക്ക് നിർബന്ധമില്ല. വിദ്യാർത്ഥികളുടെ എസ്.സി/എസ്.റ്റി സംവരണം സംബന്ധിച്ച് തീരുമാനമുണ്ടാകുന്നത് അവർ സമർപ്പിക്കുന്ന ജാതി സർട്ടിഫിക്കറ്റിന്മേൽ കിർത്താഡ്സിന്റെ അന്വേഷണത്തിലൂടെയാണ്, ആയത് പൂർത്തിയാക്കുന്നതിന് കുറഞ്ഞത് രണ്ട് മാസത്തിൽ കൂടുതൽ സമയം എടുക്കാറുണ്ട്. കൂടാതെ, പ്രവേശന പരീക്ഷയിലെ അപേക്ഷകരുടെ സൂക്ഷ്മ പരിശോധനയിലൂടെ കാറ്റഗറി നിർണ്ണയിക്കുന്നതിനും ഏതാണ്ട് രണ്ട് മാസത്തിൽ കൂടുതൽ സമയം എടുക്കാറുണ്ട്. നാഷണാലിറ്റി, നേറ്റിവിറ്റി, കാറ്റഗറി എന്നിവ സംബന്ധിച്ച സൂക്ഷ്മപരിശോധന കൂടാതെ, വിദ്യാർത്ഥികൾ ഓൺലൈനായി സമർപ്പിക്കുന്ന വിവരങ്ങൾ മാത്രം കണക്കിലെടുത്ത് റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്ന പക്ഷം അവയിൽ അനർഹർ കടന്നുകൂടി റാങ്ക് ലിസ്റ്റിന്റെ വിശ്വാസ്യത നഷ്ടപ്പെടുത്തുവാൻ സാധ്യത കൂടുതലാണ്. പ്രവേശന പരീക്ഷാ ഫലങ്ങൾ പ്രസിദ്ധീകരിച്ചതിനു ശേഷം സർട്ടിഫിക്കറ്റുകൾ ഹാജരാക്കുവാൻ ആവശ്യപ്പെടുന്ന പക്ഷം റാങ്ക് ലിസ്റ്റുകളിൽ കടന്നു കൂടുന്നതിനു വേണ്ടി വ്യാജമായ സർട്ടിഫിക്കറ്റുകൾ/രേഖകൾ സമർപ്പിക്കപ്പെടുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കപ്പെടുകയും അതുവഴി സംവരണവും മറ്റ് ആനുകൂല്യങ്ങളും ലഭിക്കാൻ യഥാർത്ഥത്തിൽ അവകാശികളായ വിദ്യാർത്ഥികൾ പുറന്തള്ളപ്പെടുന്ന സാഹചര്യം ഉണ്ടാകുവാനും സാധ്യതയുണ്ട്. ഈ സാഹചര്യത്തിൽ, യോഗ്യത നേടുന്നവർ മാത്രം നിശ്ചിത ദിവസത്തിനകം സാക്ഷ്യപത്രം ഹാജരാക്കിയാൽ മതി എന്ന നിർദ്ദേശം പരിഗണിക്കുവാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ